**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ. എസ്. - നെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1197/2020/തസ്വഭവ. തീയതി, തിരുവനന്തപുരം, 18/06/2020.

പരാമർശം :- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ. എസ്. ന് നൽകിയ 24.07.2019 തീയതിയിലെ തസ്വഭവ-ഇ.യു.1/218/2019-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

2. കുറ്റപത്രത്തിന് ശ്രീമതി. ദീപ എൽ. എസ്. സമർപ്പിച്ച 29.08.2019 തീയതിയിലെ പ്രതിവാദ പത്രിക.

3. നഗരകാര്യ ഡയറക്ടറുടെ 01.06.2020 തീയതിയിലെ വി.1-17607/2019 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉളിയാഴ്ത്തുറ വില്ലേജിലെ അനധികൃത കയ്യേറ്റവുമായി ബന്ധപ്പെട്ട് ശ്രീ. റെനി മാത്യുവും കൂട്ടരും സർക്കാരിൽ സമർപ്പിച്ചിരുന്ന 04/05/2017 ലെ നിവേദനത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് രണ്ടു വർഷത്തോളം കാലതാമസമുണ്ടായെന്നും ബഹു. ലോകായുക്തയിൽ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിരുന്ന റിപ്പോർട്ട് അവ്യക്തതയോടും കാലതാമസത്തോടും കൂടിയാണ് നഗരസഭാ സെക്രട്ടറി സമർപ്പിച്ചിരുന്നതെന്നും കണ്ടെത്തിയതിനെത്തുടർന്ന് ടി നഗരസഭാ സെക്രട്ടറിയായ ശ്രീമതി. ദീപ എൽ. എസ്. നെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം ഒന്ന് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2. സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചു പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവെന്നും, ഡ്രീംലാന്റ് റസിഡൻസ് അസോസിയേഷൻ 04/05/2017 ൽ സർക്കാരിൽ സമർപ്പിച്ച പരാതി 11/07/2017 ൽ തസ്വഭവ-ആർഎ 2/60/2017-തസ്വഭവ

നം. കത്തു പ്രകാരം 15/07/2017 ൽ സെക്രട്ടറി കൈപ്പറ്റുകയും ടി കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ബന്ധപ്പെട്ട ഉടമകൾ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖേന അന്വേഷണം നടത്തുകയുമുണ്ടായിയെന്നും ടി വിഷയം സംബന്ധിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് 06/02/2018 ൽ സർക്കാരിലേക്ക് അയച്ചിരുന്നുവെന്നും 06/02/2018 ൽ ടിയാൾ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് കാലതാമസം നേരിട്ടത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 09/02/2018 ൽ ത.സ്വ.ഭ.വ./ആർഎ 2/38/2018/ത.സ്വ.ഭ.വ. നമ്പറായി സർക്കാരിൽ നിന്നും കത്തയച്ചിരുന്നുവെന്നും ആയതിന് 06/03/2018 ൽ വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായിയെന്നും, ടി വിഷയത്തിന്മേൽ 07/02/2018 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബഹു. ലോകായുക്ത മുൻപാകെ ഹാജരാക്കുന്നതിലേക്കായി ഗവൺമെന്റ് പ്ലീഡർക്ക് നൽകിയ കത്തിൽ (പരാതി നം. 391/2018) ടി വിഷയം സംബന്ധിച്ച് നഗരസഭ ശരിയായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പരാമർശിക്കുകയുണ്ടായിയെന്നും ടി കേസിന്മേലുള്ള വസ്തുതാ വിവരണ പത്രിക 16/05/2018 ൽ ബഹു. ലോകായുക്തയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണെന്നും പിന്നീട് ടി കേസിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് 05/07/2019 ന് സർക്കാരിൽ നിന്നും ലഭിച്ച ആർ.എ 2/60/2017/തസ്വഭവ നമ്പർ കത്തിന് ശ്രീകാര്യം സോണൽ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി 09/07/2019 ന് സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിരുന്നുവെന്നും ശ്രീമതി. ദീപ എൽ.എസ്. പരാമർശം 2 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ബോധിപ്പിക്കുകയുണ്ടായി.

ടി വിഷയത്തിൽ മന:പൂർവ്വമായി യാതൊരു കാലതാമസവും വരുത്തിയിട്ടില്ലായെന്നും പരാമർശിത ആരോപണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കരുതെന്നും ശ്രീമതി. ദീപ എൽ.എസ്. അപേക്ഷിക്കുകയുമുണ്ടായി.

3. തിരുവനന്തപുരം നഗരസഭയിലെ ശ്രീകാര്യം സോണൽ ഓഫീസ് പരിധിയിൽ ഉളിയാഴ്ത്തുറ വില്ലേജിൽ സർവ്വെ നം. 230, 238, 234, 236 കളിൽപ്പെട്ട 3.2 ഏക്കർ സ്ഥലത്ത് 33 പ്ലോട്ടുകൾ റസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മാണത്തിനു വേണ്ടി ശ്രീകാര്യം സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറി 19/01/2010 ൽ 739/2009-10 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ച നൽകിയിരുന്നതാണെന്നും എന്നാൽ ടി വസ്തുവിനോടൊപ്പം വിനോദ ആവശ്യങ്ങൾക്ക വേണ്ടി കൈമാറ്റം ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥയിൽ ചട്ടപ്രകാരം ഉൾപ്പെടുത്തിയിരുന്ന 15 സെന്റ് വസ്തു

നഗരസഭയെ തെറ്റിദ്ധരിപ്പിച്ച് പെർമിറ്റ് വാങ്ങി ഉപയോഗിച്ചതിനെ തുടർന്നാണ് ഡ്രീംലാന്റ് റസിഡൻസ് അസോസിയേഷൻ സെക്രട്ടറി പരാതി നൽകിയിട്ടുള്ളതെന്നും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി വിഷയത്തിൽ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തോട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉടമകൾ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും സർക്കാരിലേക്ക് നഗരസഭാ സെക്രട്ടറി 06/02/2018 ൽ റിപ്പോർട്ട് നൽകിയിരുന്നുവെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പരിശോധന നടത്തിയതിൽ ശ്രീമതി. ദീപ എൽ.എസ്. മറുപടിയിൽ സൂചിപ്പിക്കുന്ന കത്തുകൾ ഫയലിലെ രേഖകളാണെന്നും മറുപടിയിലെ പരാമർശങ്ങൾ പരിഗണനാർഹമായി കണക്കാക്കാവുന്നതാണെന്നും പരാമർശം മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ഡ്രീംലാന്റ് റസിഡൻഷ്യൽ അസോസിയേഷന്റെ പരാതി 31/01/2017 ൽ നഗരസഭയിൽ ലഭിക്കുമ്പോൾ പ്രസ്തുത കെട്ടിടത്തിന് ടി സി നം. [TC 10/2024 (2)] നൽകി റവന്യൂ ഓഫീസർ ടാക്സ് അസ്സസ്സ്മെന്റ് നടത്തിയിരുന്നു. പെർമിറ്റ് നൽകുന്നതിനുള്ള സ്ഥലപരിശോധനാ സമയത്ത് പരാമർശിത സ്ഥലം "Substantially Developed'' ആയി കണ്ടതിനാലും ശ്രീകാര്യം പഞ്ചായത്ത് ആയിരുന്ന കാലത്തുള്ള ഡെവലപ്പ്മെന്റ് പെർമിറ്റ് ഫയലുകൾ നഗരസഭക്ക് കൈമാറി കിട്ടാത്തതിനാലുമാണ് ടി പ്ലോട്ട് ഡെവലപ്പ്മെന്റ് നടത്തപ്പെട്ടതായി അറിയാൻ കഴിയാത്തതെന്നും എന്നാൽ ടി വിഷയത്തിൽ സർക്കാർ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ടുകൾ യഥാസമയം സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതാണെന്നും ഫയലുകൾ പരിശോധിച്ച് കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. ടി സാഹചര്യത്തിൽ. പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ.എസ്. ന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമായി വീഴ്ചയുണ്ടായിട്ടില്ലായെന്നും സർക്കാരിലേക്ക് യഥാസമയം റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നുവെന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ദീപ എൽ. എസ്. ന്റെ മറുപടി അംഗീകരിച്ച് അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ചും ശ്രീമതി. ദീപ എൽ. എസ്. ന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലായെന്നും സർക്കാരിലേയ്ക്ക് യഥാസമയം റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതായും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ദീപ എൽ. എസ്.- നെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീമതി. ദീപ എൽ. എസ്., സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ് (19.07.2019 തീയതിയിലെ ത.സ്വ.ഭ.വ. -ആർ.എ. 2/ 38/ 2019- ത.സ്വ.ഭ.വ. നമ്പർ പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.